**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 204** **04-03-2025 - ൽ മറുപടിയ്ക്ക്**

**വനമേഖലയിൽ സമ്പൂർണ ഗ്രിഡ്ബന്ധിത സൗരോർജ്ജവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. കെ. ബാബു (നെന്മാറ),<br>ശ്രീ ജി സ്റ്റീഫൻ,<br>ശ്രീ കെ യു ജനീഷ് കുമാർ | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ദുർഘടമായ വനാന്തരങ്ങളിലെ 'ഉന്നതി'കളിൽ വൈദ്യുതിയെത്തിക്കുന്നതിന് നടപ്പാക്കിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | **കെ.എസ്.ഇ.ബി.എൽ.**<br><br>സംസ്ഥാനത്തെ പിന്നോക്ക പ്രദേശങ്ങളിലെ വൈദ്യുതി അപര്യാപ്തത പരിഹരിക്കുന്നതിനായി ഗവൺമെന്റ് നിർദ്ദേശമനുസരിച്ച് കെ.എസ്.ഇ.ബി.എൽ., വൈദ്യുതി ലഭ്യമല്ലാത്ത 102 പട്ടികവർഗ്ഗ നഗറുകൾ കണ്ടെത്തിയിരുന്നു. ഇതിൽ 62 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണവും 40 നഗറുകളിൽ സോളാർ വൈദ്യുതീകരണവുമാണ് കെ.എസ്.ഇ.ബി.എൽ. നിർദ്ദേശിച്ചിരുന്നത്. 19നഗറുകളിൽ പട്ടികവർഗ്ഗ വികസന വകുപ്പ് പുനരധിവാസം തീരുമാനിച്ചിരുന്നതിനാൽ ഗ്രിഡ് വൈദ്യുതീകരണ ലിസ്റ്റിൽ നിന്നും ഒഴിവാക്കി. അതിനാൽ ഗ്രിഡ് വൈദ്യുതീകരണം സാധ്യമാകുന്ന നഗറുകൾ 43ഉം സോളാർ വൈദ്യുതീകരണം നിർദ്ദേശിച്ചിരിക്കുന്ന നഗറുകൾ 40ഉം ആയി.<br><br>24.11.2022-ലെ വൈദ്യുതി വകുപ്പ് മന്ത്രിയുടെയും ബഹു. ദേവസ്വം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടന്ന യോഗത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ RDSS-ൽ ഉൾപ്പെടുത്തി ഫണ്ട് ലഭ്യമല്ലാത്ത 25 നഗറുകളുടെ വൈദ്യുതീകരണം പൂർത്തീകരിക്കുവാൻ തീരുമാനിച്ചിരുന്നെങ്കിലും RDSSപദ്ധതിയുടെ നിലവിലെ മാർഗ്ഗരേഖ പ്രകാരം ഫണ്ട് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്, വൈദ്യുതി വകുപ്പ് മന്ത്രിയുടെയും ബഹു. ദേവസ്വം പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ 06.02.2023-ന് നടന്ന മീറ്റിംഗിൽ ചർച്ച ചെയ്യുകയും 25 നഗറുകളുടെ വൈദ്യുതീകരണത്തിന് ആവശ്യമായ തുകയുടെ 20% |

ട്രൈബൽ വകുപ്പും ബാക്കി 80% തുക കെ.എസ്.ഇ.ബി.എൽ.-ഉം വഹിക്കാൻ തീരുമാനിച്ചു .

ഗ്രിഡ് വൈദ്യുതീകരണ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന 43 നഗറുകളിലെ 34 നഗറുകളിൽ ഗ്രിഡ് വൈദ്യുതീകരണവും ഒരു നഗറിൽ സോളാർ വൈദ്യുതീകരണവും പൂർത്തീകരിച്ചിട്ടുണ്ട്. ഈ നഗറുകളിലായി 610 വീട്ടുകൾക്ക് വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ.-ന്റെ തനതു ഫണ്ടിൽ നിന്നും 20.5 കോടി രൂപയാണ് വൈദ്യുതീകരണ പ്രവൃത്തികൾക്കായി ചെലവായിട്ടുള്ളത്.

ഇടുക്കി ജില്ലയിലെ ബാക്കിയുള്ള 8 നഗറുകളിൽ (മാങ്ങാപ്പാറ, തായ്യണംകുടി, ആലാംപെട്ടികുടി, ചെമ്പക്കാട്ടുകുടി, പാളപെട്ടികുടി, അമ്പലപ്പടിക്കുടി, കണ്ടത്തിക്കുടി, ആണ്ടവൻകുടി) വൈദ്യുതീകരണത്തിനുള്ള പ്രവൃത്തികൾ ടെൻഡർ ചെയ്യുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന PM-JANMAN പദ്ധതിയുടെ (Particularly Vulnerable Tribal Group) PVTG Mission പ്രകാരം PVTG ഗ്രാമങ്ങളിലും/വാസസ്ഥാനങ്ങളിലും PVTG വീട്ടുകാർക്ക് വൈദ്യുതികണക്ഷൻ ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ RDSS-ൽ (Revamped Distribution Sector Scheme) ഉൾപ്പെടുത്തി നടപ്പാക്കിവരുന്നു. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന മറ്റൊരു പദ്ധതിയായ DA-JGUA പ്രകാരം ഗ്രാമങ്ങളിലെ എല്ലാ വീട്ടുകൾക്കും പൊതു സ്ഥാപനങ്ങൾക്കും RDSS-ൽ ഉൾപ്പെടുത്തി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**<u>അനെർട്ട്</u>**

കേരളത്തിൽ കെ.എസ്.ഇ.ബി.എൽ. വഴി വൈദ്യുതീകരിക്കാൻ സാധിക്കാത്ത വിദൂര ആദിവാസി നഗറുകളിൽ വൈദ്യുതീകരണ പരിപാടികളുമായി ബന്ധപ്പെട്ട് അനെർട്ട് പാലക്കാട് സൈലന്റ് വാലി ഫോറസ്റ്റ് റേഞ്ചിലെ പുതൂർ ഗ്രാമപഞ്ചായത്തിലെ "താഴെതുടുക്കി" ആദിവാസി നഗറിൽ 43 വീട്ടുകളിൽ ബാറ്ററി ബായ്ക്കപ്പോട്ടുകൂടിയ 50 kW മൈക്രോ ഗ്രിഡ് പദ്ധതി വിജയകരമായി നടപ്പിലാക്കി. കൂടാതെ അട്ടപ്പാടി സൈലന്റ് വാലി മേഖലയിൽ 60 കുടുംബങ്ങൾക്ക് സോളാർ-വിൻഡ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ സ്ഥാപിച്ചു.

| | | | |
|---|---|---|---|
| | | | ഇത് കൂടാതെ കെ.എസ്.ഇ.ബി.എൽ. വഴി ഗ്രിഡ് ബന്ധിത വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത കേരളത്തിലെ വിദൂര ആദിവാസി നഗറുകളെ PM JANMAN, ധർതി ആബ ജനജാതീയ ഗ്രാം ഉത്കർഷ് അഭിയാൻ (DA-JGUA) എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി വൈദ്യുതീകരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | രാജ്യത്താദ്യമായി വനമേഖലയിൽ സമ്പൂർണ ഗ്രിഡ്ബന്ധിത സൗരോർജ്ജവൽക്കരണം സംസ്ഥാനത്ത് നടപ്പാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | കെ എസ് ഇ ബി എൽ വിതരണ വിഭാഗത്തിന്റെ കീഴിൽ വന മേഖലയിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജവത്കരണ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല. |
| (സി) | വനമേഖലയിലെ നിർധന കുടുംബങ്ങൾക്ക് മിച്ചമുള്ള വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനും അതിലൂടെ വരുമാനം ലഭ്യമാക്കുന്നതിനുമുള്ള പദ്ധതി പൂർണ്ണതോതിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | <u>**കെ.എസ്.ഇ.ബി.എൽ.**</u><br><br>കെ എസ് ഇ ബി എൽ വിതരണ വിഭാഗത്തിന്റെ കീഴിൽ വന മേഖലയിൽ ഗ്രിഡ് ബന്ധിത സൗരോർജ്ജവത്കരണ പദ്ധതികൾ ഒന്നും തന്നെ നടപ്പാക്കിയിട്ടില്ല.<br><br><u>**അനെർട്ട്**</u><br><br>പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിനു കൂടി സൗരോർജ്ജ നിലയങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ അനെർട്ട് നടപ്പിലാക്കുന്ന കേരള സർക്കാരിന്റെ മാതൃകാ പദ്ധതിയാണ് "ഗ്രീൻ ഇൻകം സ്കീം അഥവാ ഹരിതവരുമാന പദ്ധതി". സാമ്പത്തികമായി മുന്നോക്കം നിൽക്കുന്നവർക്ക് മാത്രം പ്രാപ്യമായിരുന്ന ഇത്തരം പദ്ധതികൾ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് കൂടി സൗജന്യമായി ലഭ്യമാക്കുകയും അതിലൂടെ ഒരു വരുമാനം ഉറപ്പുവരുത്തുകയുമാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>ഈ പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ നടുപ്പതി ആദിവാസി നഗറിലെ 76 വീടുകളിൽ 2 കിലോ വാട്ട് ശേഷിയുള്ള സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിച്ചു. ഈ പദ്ധതി കൂടുതൽ വീടുകളിലേക്ക് വ്യാപിപ്പിക്കാൻ അനെർട്ട് ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ